KERALA BANK
Kerala State Co-operative Bank

**KERALA BANK**
**KERALA STATE CO-OPERATIVE BANK,**
**REGIONAL OFFICE, THRISSUR- 22, PHONE:- 2325700.**
**Web Site: www.keralabank.co.in**
**E-mail ID :- tsrro@keralabank.co.in**

## ടെണ്ടർ/ലേലം

ബാങ്കിലെ മഹീന്ദ്ര ബൊലെറോ വാഹനത്തിന്റെ വിൽപ്പന ടെണ്ടർ /ലേലം വഴി നടത്തുന്നു. കൂടുതൽ വിവരങ്ങൾക്കായി ബാങ്കിന്റെ വെബ്സൈറ്റ് (www.keralabank.co.in) സന്ദർശിക്കുക. താല്പര്യമുള്ളവർ 19/12/2024ന് 4.00 മണിക്ക് മുമ്പായി ടെണ്ടർ/ലേല രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കേണ്ടതാണ്.

THE KERALA STATE CO-OPERATIVE BANK LTD. THRISSUR REGIONAL OFFICE KOVILAKATHUMPADAM THRISSUR 680 022

04/12/24

ജനറൽ മാനേജർ,
റീജിയണൽ ഓഫീസ്, തൃശൂർ.

തൃശ്ശൂർ,
04/12/2024.

KERALA BANK
Kerala State Co-operative Bank

Regional Office,
Sahakarana Sathabdhi Mandiram,
Kovilakathumpadam, P.O.Thiruvambady,
Thrissur - 680 022. PH: 0487-2325700

---

Ref.No.KB/RO/TSR/GAD/2024-25 Date : 04/12/2024

## വാഹനത്തിന്റെ വിൽപ്പന സംബന്ധിച്ച്

≈≈≈≈≈≈

ബാങ്കിന്റെ ഉടമസ്ഥതയിലുള്ള താഴെ പറയുന്ന വാഹനം അവയോടൊപ്പം സൂചിപ്പിക്കുന്ന സ്ഥലങ്ങളിൽ വിൽപ്പനയ്ക്കായി തയ്യാറായിട്ടുണ്ട്.

| Sl. No. | Vehicle No. | Model | Current Location |
|---|---|---|---|
| 1 | KL-08-AR-9339 (MAHINDRA BOLERO) | 2010 | Regional Office, Thrissur |

ടി വാഹനം വാങ്ങുന്നതിന് താൽപ്പര്യമുള്ളവർ 19/12/2024 ന് 4.00 മണിക്ക് മുമ്പായി ടെണ്ടർ സമർപ്പിക്കുവാൻ താല്പര്യപ്പെടുന്നു. പ്രസ്തുത വാഹനം പരിശോധിക്കുന്നതിനായി പ്രവൃത്തി ദിവസങ്ങളിൽ (10 A.M - 5 P.M) Asset Management ഡിപ്പാർട്ട്മെന്റുമായി ബന്ധപ്പെ ടേണ്ടതാണ്.

THE KERALA STATE CO-OPERATIVE BANK LTD. REGIONAL OFFICE THRISSUR KOVILAKATHUMPADAM THRISSUR 680 022

വിശ്വസ്തതയോടെ,

04/12/24

ജനറൽ മാനേജർ,
റീജിയണൽ ഓഫീസ്, തൃശൂർ.

KERALA BANK
Kerala State Co-operative Bank

Regional Office,
Sahakarana Sathabdhi Mandiram,
Kovilakathumpadam, P.O.Thiruvambady,
Thrissur - 680 022. PH: 0487-2325700

Ref.No.KB/RO/TSR/GAD/2024-25 തിയതി : 04/12/2024

**കേരള സംസ്ഥാന സഹകരണ ബാങ്ക് ടെണ്ടർ കം ലേലത്തിലൂടെ വാഹനം വിൽപ്പന ചെയ്യുന്നതിനുള്ള ടെണ്ടറുകൾ ക്ഷണിക്കുന്നു.**

**നിബന്ധനകളും വ്യവസ്ഥകളും**

1) ടെണ്ടർ സമർപ്പിക്കുവാൻ ആഗ്രഹിക്കുന്നവർ തൃശ്ശൂരിൽ മാറാവുന്ന കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ പേരിലുള്ള 5,000/-രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റായി EMD ഹാജരാക്കുകയും 19/12/2024 ന് വെകുന്നേരം 4.00 മണിക്ക് മുൻപ് പേര് രജിസ്റ്റർ ചെയ്യുകയും വേണം.

2) 20/12/2024ന് രാവിലെ 11.00 മണിക്ക് ബാങ്കിന്റെ മിനി കോൺഫറൻസ് ഹാളിൽ ലേലം ആരംഭിക്കുന്നതായിരിക്കും. ടെണ്ടർ സമർപ്പിച്ച വ്യക്തികൾക്കോ/സ്ഥാപനങ്ങൾക്കോ മാത്രമേ ലേലത്തിൽ പങ്കെടുക്കുവാൻ അവകാശം ഉണ്ടായിരിക്കുകയുള്ളൂ. ലേലത്തിൽ പങ്കെടുക്കുന്നവർ തിരിച്ചറിയൽ രേഖകൾ, പാൻ കാർഡ് എന്നിവയുടെ പകർപ്പ് സമർപ്പിക്കേണ്ടതാണ്.

3) ലേലം കം ടെണ്ടർ എന്ന വ്യവസ്ഥയിലൂടെയാണ് വിൽപ്പന നടത്തുക. വാഹനത്തിന്റെ ലേല വേളയിൽ വാഹനത്തിന് ക്വോട്ട് ചെയ്ത ഏറ്റവും ഉയർന്ന തുക (GST ഇല്ലാതെ) ലേല തുകയായി നിജപ്പെടുത്തുകയും തുടർന്ന് ടെണ്ടർ കവർ തുറന്ന് പരിശോധിക്കുമ്പോൾ ടെണ്ടർ കവറിൽ വാഹനത്തിന് രേഖപ്പെടുത്തിയിരിക്കുന്ന ഉയർന്ന തുക (GST ഇല്ലാതെ) ടെണ്ടറിന്റെ ഉയർന്ന തുകയായി നിശ്ചയിക്കുകയും ഇതിൽ (ടെണ്ടർ/ലേലത്തിന്) ഉയർന്ന തുക ക്വോട്ട് രേഖപ്പെടുത്തിയിരിക്കുന്ന വ്യക്തിക്ക്/ സ്ഥാപനത്തിന് ബാങ്കിന്റെ നിയമപരമായ നടപടികൾക്ക് ശേഷം വാഹനം വിൽപ്പന നടത്തുന്നതായിരിക്കും. ക്വോട്ട് ചെയ്ത തുകയ്ക്ക് പുറമെ ലേലം കൊണ്ട വ്യക്തി/സ്ഥാപനം GST തുക കൂടി അടയ്ക്കേണ്ടതാണ്.

4) ലേലമോ/ടെണ്ടറോ സ്ഥിരീകരിക്കാനും ഒരു കാരണവും കാണിക്കാതെ വിൽപ്പന മറ്റൊരു ദിവസത്തേക്ക് മാറ്റി വെയ്ക്കുവാനും ലേല ഉദ്യോഗസ്ഥന് സ്വാതന്ത്ര്യം ഉണ്ടായിരിക്കും. അത് ചോദ്യം ചെയ്യാൻ ലേലത്തിൽ പങ്കെടുക്കുന്ന വ്യക്തിക്കോ സ്ഥാപനങ്ങൾക്കോ അവകാശം ഇല്ലാത്തതുമാകുന്നു.

5) വാഹനത്തിന്റെ വിൽപ്പന സംബന്ധിച്ച് അന്തിമ തീരുമാനം ബാങ്കിൽ നിക്ഷിപ്തമാണ്. ഒരു കാരണവും സൂചിപ്പിക്കാതെ ടെണ്ടർ/ബിഡ് എന്നിവ സ്വീകരിക്കാനും/നിരസിക്കാനും ഉള്ള അധികാരം ബാങ്കിന് ഉണ്ടായിരിക്കുന്നതാണ്.

6) ലേലം കൊണ്ട വ്യക്തി/സ്ഥാപനം, അന്നു തന്നെ ലേല സംഖ്യയുടെ 25% തുക ബാങ്ക് നിർദ്ദേശിക്കുന്ന അക്കൗണ്ടിൽ കെട്ടിവെയ്ക്കേണ്ടതാണ്.

7) ലേലം കൊണ്ട വ്യക്തി/സ്ഥാപനം, വിൽപ്പന സ്ഥിരീകരിച്ചതിന് ശേഷം 7 ദിവസത്തിനുള്ളിൽ വിലയുടെ ബാക്കി തുക അടയ്ക്കുകയും, അല്ലാത്തപക്ഷം EMD തുകയും Clause 6 ൽ സൂചിപ്പിച്ച സംഖ്യയും ബാങ്ക് വസൂലാക്കുന്നതുമായിരിക്കും.

8) ലേലം കൊണ്ട വ്യക്തി/സ്ഥാപനം, വാഹനവുമായി ബന്ധപ്പെട്ട് ലേല തിയ്യതിക്ക് ശേഷം വരുന്ന ടാക്സ്, ഇൻഷുറൻസ്, മറ്റു ഫീസുകൾ തുടങ്ങിയവ അടയ്ക്കാൻ ബാധ്യസ്ഥനായിരിക്കുന്നതാണ്.

9) 5000/- രൂപയുടെ DDയും, ടെണ്ടർ തുകയും വാഹനത്തിന്റെ നമ്പറും രേഖപ്പെടുത്തി സീൽ ചെയ്ത കവറും മറ്റൊരു കവറിൽ കേരള സംസ്ഥാന സഹകരണ ബാങ്ക്, റീജിയണൽ ഓഫീസ്, കോവിലകത്തുംപാടം, തൃശ്ശൂർ എന്ന വിലാസത്തിൽ വാഹനങ്ങൾ വാങ്ങുന്നതിനുള്ള ടെണ്ടർ എന്ന് കവറിന് പുറത്ത് രേഖപ്പെടുത്തി സീൽ ചെയ്ത് അയയ്ക്കുകയോ, റീജിയണൽ ഓഫീസിലേയ്ക്ക് നേരിട്ട് സമർപ്പിക്കുകയോ ചെയ്തിരിക്കണം.

10) നിബന്ധനകളും, വ്യവസ്ഥകളും അംഗീകരിച്ച് ലേലത്തിൽ/ടെണ്ടറിൽ പങ്കെടുക്കുന്നവർ ഇതിന്റെ പകർപ്പ് ഒപ്പിട്ട് ടെണ്ടർ കവറിന്റെ കൂടെ ബാങ്കിൽ സമർപ്പിക്കേണ്ടതാണ്.

THE KERALA STATE CO-OPERATIVE BANK LTD. REGIONAL OFFICE THRISSUR KOVILAKATHUMPADAM THRISSUR 680 022

04/12/24

സ്വീകരിച്ചു.
ഒപ്പും തിയ്യതിയും:
പേര്, വിലാസം:

ജനറൽ മാനേജർ,
റീജിയണൽ ഓഫീസ്, തൃശൂർ.